# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 929

14.06.2012-ലെ
മറുപടിക്ക്

## വിദ്യാഭ്യാസരംഗത്തെ പരിഷ്കാരങ്ങൾ

ചോദ്യം

ശ്രീ. പി. ഉബൈദുള്ള

ഉത്തരം

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) കേന്ദ്ര വിദ്യാഭ്യാസ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ രംഗത്ത് ഈ അദ്ധ്യയന വർഷം മുതൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(എ) വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു. നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി 2011 ലെ കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ രൂപീകരിച്ച് 30/04/11 ലെ ജി.ഒ (പി) 100/11/പൊ.വി നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. NCTE യുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി അദ്ധ്യാപക നിയമനങ്ങൾക്ക് TET യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ മാത്രം പരിഗണിക്കുവാൻ പി.എസ്.സിയോടാവശ്യപ്പെട്ടിട്ടുണ്ട്. TET യോഗ്യത പരീക്ഷ നടത്തിപ്പിനായി SCERT-യെ ചുമതലപ്പെടുത്തി 01.03.12-ലെ ജി.ഒ. (പി) 70/12/പൊ.വി.വ. മുഖേന ഉത്തരവായിട്ടുണ്ട്. കേന്ദ്ര നിയമം അനുശാസിക്കുംവിധം 150 കുട്ടികളുള്ള പ്രൈമറി സ്കൂളുകളിലും 100 കുട്ടികളുള്ള യു.പി സ്കൂളുകളിലും പ്രഥമാദ്ധ്യാപകരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കികൊണ്ട് 28/12/11 ലെ ജി.ഒ (പി)

| | | | |
|---|---|---|---|
| | | | നം. 256/11/പൊ.വി പ്രകാരം ഉത്തരവായിട്ടുണ്ട്. കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ദുർബ്ബല വിഭാഗത്തിൽപ്പെട്ട കുട്ടിയുടെ വരുമാന പരിധി 60,000/- രൂപയായി നിശ്ചയിച്ചുകൊണ്ട് 27.03.12-ലെ ജി.ഒ.(പി)94/11/പൊ.വി.വ. മുഖേന ഉത്തരവായിട്ടുണ്ട്. കൂടാതെ സ്പെസിഫൈഡ് കാറ്റഗറി സ്കൂളുകൾ, ഡിസ് അഡ്വാന്റേജ്ഡ് വിഭാഗത്തിൽപ്പെട്ട കുട്ടി '(a child belonging' to disadvantaged group) എന്നിവ ഏതൊക്കെയാണെന്ന് നിർവചിച്ചുകൊണ്ട് 27.03.2012-ല ജി.ഒ.(പി) 93/12/പൊ.വി.വ., 25.05.2012-ലെ ജി.ഒ.(പി) 158/12/പൊ.വി.വ. എന്നിവ മുഖന ഉത്തരവായിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തെ കുറിച്ച് രക്ഷാകർതൃ ബോധവത്കരണ പരിപാടി, ജനപ്രതിനിധികൾക്കു വേണ്ടി കമ്മ്യൂണിറ്റി ട്രെയിനിംഗ് പ്രോഗ്രാം എന്നിവ സർവ്വ ശിക്ഷാ അഭിയാൻ മുഖേന നടത്തുകയും, വിദ്യാഭ്യാസം നമ്മുടെ അവകാശം എന്ന ആശയം പ്രചരിപ്പിക്കാനുള്ള പദ്ധതികൾ, എസ്.എസ്.എ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി | പ്രവേശനപ്രായം, സ്കൂളിന്റെ ഘടനാപരമായ മാറ്റം എന്നിവ സംബന്ധിച്ച് സർക്കാർ പുതിയ ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കോപ്പികൾ മേശപ്പുറത്ത് വയ്ക്കുമോ? | (ബി) | വിദ്യാഭ്യാസ സംരക്ഷണ നിയമം അനുശാസിക്കും വിധം എല്ലാ സ്കൂളുകളിലും 1-ാം ക്ലാസ് പ്രവേശനത്തിന് 6 വയസ്സ് പൂർത്തിയായിരിക്കണമെന്ന് 09/01/12 ലെ ജി.ഒ (എം.എസ്) 9/12/പൊ.വി.വ. (അനുബന്ധം-1) പ്രകാരം നിർദ്ദേശിച്ച് ഉത്തരവായെങ്കിലും കേന്ദ്രീയ വിദ്യാലയം ഉൾപ്പെടെയുള്ള സംസ്ഥാനത്തെ കേന്ദ്ര സ്കൂളുകളിൽ 5വയസ്സ് തന്നെ ഈ വർഷം നിലനിൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഈ അദ്ധ്യയന വർഷം 5 വയസ്സു തന്നെ നിലനിർത്തികൊണ്ട് 12.04.2012-ലെ |

ജി.ഒ.(എം.എസ്)117/2012/പൊ.വി.വ. മുഖേന ഉത്തരവായിട്ടുണ്ട്. (അനുബന്ധം-2). 5-ാം ക്ലാസ് എൽ.പിയുടെയും 8-ാം ക്ലാസ് യു.പിയുടെയും ഭാഗമാക്കിക്കൊണ്ട് വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കും വിധം 1 മുതൽ 8 വരെ ക്ലാസ്സുകൾ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കികൊണ്ടുള്ള ഘടനാമാറ്റം സംബന്ധിച്ച് അടിയന്തിര നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു. ഇതു സംബന്ധിച്ച ഉത്തരവ് താമസം വിനാ പുറപ്പെടുവിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ